പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2837 **28-10-2026-ൽ മറുപടിയ്ക്ക്**

അന്തിപ്പച്ച പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. എം. ശശി ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

(എ) ഫിഷറീസ് വകുപ്പ് മുഖേന നടത്തി വരുന്ന അന്തിപ്പച്ച പദ്ധതിയുടെ വിശദാംശങ്ങളും ഉദ്ദേശലക്ഷ്യങ്ങളും വിവരിക്കാമോ;

മറുപടി: സംസ്ഥാന സർക്കാരിന്റെ അധീനതയിൽ, ഫിഷറീസ് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനമാണ്, കേരള സംസ്ഥാന സഹകരണ മത്സ്യവികസന ഫെഡറേഷൻ (മത്സ്യഫെഡ്). ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള മത്സ്യം ന്യായമായ നിരക്കിൽ ലഭ്യമാക്കുന്നതിനും, അതുവഴി തീരദേശ നിവാസികൾക്ക് തൊഴിലവസരം സൃഷ്ടിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് കേരളത്തിൽ ലഭ്യമാകുന്ന മത്സ്യത്തിൽ മായത്തിന്റെയും രാസവസ്തുക്കളുടെയും സാന്നിദ്ധ്യം കൂടി വരുന്ന സാഹചര്യത്തിൽ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കി ഗുണനിലവാരമുള്ള മത്സ്യം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടു കൂടി മത്സ്യഫെഡിന്റെ "തീരത്തുനിന്നും മാർക്കറ്റിലേയ്ക്ക്" (Coast to Market) പദ്ധതിയുടെ ഭാഗമായി അന്നന്നുള്ള മത്സ്യം ഉപഭോക്താക്കൾക്ക് അന്നന്നുതന്നെ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ 2017 മുതൽ സഞ്ചരിക്കുന്ന മത്സ്യ വിപണനശാലയായ അന്തിപച്ച യൂണിറ്റ് പ്രവർത്തിച്ചു വരുന്നു. ഫിഷ് മാർട്ടുകൾ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാകുന്നതിനുള്ള കാലതാമസം നേരിടുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ സൗകര്യം കണക്കിലെടുത്താണ് ഈ അന്തിപച്ച യൂണിറ്റുകൾ പ്രവർത്തിപ്പിക്കുന്നത്.

ഫിഷ് ലാന്റിംഗ് സെൻറർ/ഫിഷിംഗ് ഹാർബർ എന്നിവിടങ്ങളിൽ നിന്ന് നേരിട്ടും, മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ വഴിയും മത്സ്യഫെഡ് മത്സ്യം ശേഖരിച്ച് മത്സ്യഫെഡിന്റെ മത്സ്യസംഭരണ കേന്ദ്രത്തിൽ (ബേസ് സ്റ്റേഷൻ) എത്തിക്കുകയും ഇവിടെ നിന്നും വൃത്തിയാക്കിയ മത്സ്യം കൃത്യമായ അളവിൽ ഗുണമേന്മ നഷ്ടപ്പെടാതെ അന്നന്നു തന്നെ അന്തിപച്ച യൂണിറ്റ് വഴി വിപണനം നടത്തുകയും ചെയ്യുന്നു. നിലവിൽ മത്സ്യഫെഡ്, എം.എൽ.എ മാരുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് വാങ്ങിയ 19 അന്തിപച്ച വാഹനങ്ങൾ സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിലായി പ്രവർത്തിക്കുന്നു. പച്ച മത്സ്യത്തിനു പുറമെ, മത്സ്യ അച്ചാറുകൾ, മത്സ്യ കട്‌ലറ്റ്, റെഡി റ്റു ഈറ്റ് (ചെമ്മീൻ റോസ്റ്റ്, ചെമ്മീൻ ചമ്മന്തിപ്പൊടി), റെഡി റ്റു കുക്ക് വിഭവങ്ങൾ (മത്സ്യകറിക്കൂട്ടുകൾ, ഫ്രൈമസാലാ, കൈറ്റോൺ ഗുളികകൾ) എന്നിവയും ഈ യൂണിറ്റ് വഴി വിപണനം ചെയ്തു വരുന്നു. Fish display Table, Fish cutting table, Weighing balance, Billing machine, മത്സ്യവും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ സൂക്ഷിക്കുന്നതിനുള്ള സൗകര്യങ്ങൾ ഉൾപ്പെടെ ആവശ്യമുള്ള സജ്ജീകരണങ്ങൾ വാഹനങ്ങളിൽ സജ്ജീകരിച്ചിട്ടുണ്ട്. വാഹന ഇൻഷുറൻസ് രജിസ്ട്രേഷൻ, പെർമിറ്റ് എന്നിവയടക്കം

വാഹനം അന്തിപച്ച യൂണിറ്റായി സജ്ജീകരിക്കുന്നതിന് 18 ലക്ഷം രൂപയാണ് ചെലവ്. മത്സ്യവിപണന സാധ്യതയുള്ള സ്ഥലങ്ങളിൽ ഉച്ചയ്ക്ക് 3.30 മുതൽ രാത്രി 8 മണിവരെയാണ് യൂണിറ്റിന്റെ പ്രവർത്തന സമയം. സ്വയം സഹായ ഗ്രൂപ്പിലെ വനിതകളാണ് ടി യൂണിറ്റിൽ മത്സ്യ വിപണനം നടത്തുന്നത്.

ഈ പദ്ധതി വഴി ഉപഭോക്താക്കൾക്ക് രാസവസ്തു കലരാത്തതും, ഗുണമേന്മയുള്ളതുമായ മത്സ്യം ലഭ്യമാകുന്നതോടൊപ്പം തൊഴിൽ രഹിതരായ മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ തൊഴിലവസരം സൃഷ്ടിക്കപ്പെടുന്നതിനും അതുവഴി മത്സ്യത്തൊഴിലാളികളുടെ സാമ്പത്തികവും സാമൂഹികവുമായ പുരോഗതിയ്ക്ക് വഴിയൊരുക്കുകയും ചെയ്യുന്നു.

(ബി) പാലക്കാട് ജില്ലയിൽ ആലത്തൂർ മണ്ഡലത്തിലെ ഈ പദ്ധതിയുടെ പുരോഗതി വിവരിക്കാമോ?

മറുപടി: പാലക്കാട് ജില്ലയിൽ ആലത്തൂർ മണ്ഡലത്തിൽ ഫെബ്രുവരി മാസം 14-ാം തീയതി അന്തിപ്പിച്ച യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു. മത്സ്യ വിപണനം നടത്തി വന്നിരുന്ന ടി അന്തിപ്പച്ച വാഹനം ഏപ്രിൽ മാസം 5-ാം തീയതി ഉണ്ടായ വാഹനാപകടത്തെ തുടർന്ന് നിലവിൽ റിപ്പയർ ചെയ്യുന്നതിനായി വർക്ക് ഷോപ്പിലാണ്.

സെക്ഷൻ ഓഫീസർ